## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 223

05/05/2017-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷകർക്കുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി.കെ.മുരളി<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.യു.ആർ പ്രദീപ്<br>ശ്രീ.എസ്. രാജേന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാലിസമ്പത്ത് വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടെങ്കിലും മൃഗചികിത്സാ സംവിധാനം പര്യാപ്തമായ തോതിൽ ഇല്ലാത്തത് പരിഹരിക്കാൻ പദ്ധതിയുണ്ടോ; | (എ) പദ്ധതിയുണ്ട്.<br>• മൃഗാശുപത്രികൾക്ക് മരുന്നു വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടി രൂപയിൽ നിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.<br>• രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു .<br>ഇതോടെ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 85 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്<br>• മൃഗചികിത്സാ സേവനരംഗത്ത് രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 85 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്.13-ാം പഞ്ചവൽസരപദ്ധതി |

കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

- 2700 സ്ഥാപനങ്ങൾ മുഖേന പൊതുജനസേവനം നൽകുന്നുണ്ട്.

(ബി) പ്രതിരോധ മരുന്നുകൾ നൽകി സാംക്രമിക രോഗങ്ങൾ തടയുന്നതിനും ഉല്പാദന കുറവിനിടയാക്കുന്ന അകിടുവീക്കം പോലുള്ള രോഗങ്ങൾ നിവാരണം ചെയ്യുന്നതിനും ചികിത്സാ പദ്ധതികൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സാംക്രമിക രോഗങ്ങളെ നിയന്ത്രിക്കുന്നതിന് അടപ്പൻ (ആന്ത്രാക്സ്) കുരലടപ്പൻ (Hemorrhagic Septicemia) കരിങ്കാലി (Black Quarter) എന്നീ രോഗങ്ങൾക്കും ആടുകൾക്ക് ആടുവസന്ത എന്നീ രോഗങ്ങൾക്കുള്ള പ്രതിരോധ വാക്സിൻ നിർമ്മിക്കുന്നു. കൂടാതെ കുളമ്പുരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കായി സംസ്ഥാനതലത്തിൽ കുളമ്പുരോഗ നിയന്ത്രണ പദ്ധതി പ്രകാരം എല്ലാ ആറു മാസം കൂടുമ്പോഴും സംസ്ഥാനമൊട്ടാകെ വീടു വീടാന്തരം മൃഗസംരക്ഷണവകുപ്പ് പ്രവർത്തകർ പ്രതിരോധ കുത്തിവയ്പ്പ് നല്കുന്നു.

2016-17 സാമ്പത്തിക വർഷം അകിടുവീക്കരോഗ നിയന്ത്രണത്തിനു വേണ്ടി 75 ലക്ഷം രൂപയാണ് അകിടുരോഗ നിയന്ത്രണ കിറ്റുകൾ വാങ്ങുന്നതിന് വകയിരുത്തിയിരുന്നത്. 35000 കർഷകർക്കാണ് ഇതിന്റെ ഗുണം ലഭിക്കുന്നത്. 2017- 18 സാമ്പത്തിക വർഷത്തിലും പദ്ധതി തുടരുന്നുണ്ട്.

അകിടുവീക്കരോഗ നിയന്ത്രണ പദ്ധതി- ക്ഷീര കർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ

കിറ്റുകൾ സൗജന്യനിരക്കിൽ നൽകുന്നതാണ്.

(സി) ഉത്പാദനക്ഷമത കൂടിയ ഇനങ്ങൾ വ്യാപകമാക്കുമ്പോഴും തദ്ദേശീയമായ ജനുസുകളെ സങ്കരണം നടത്താത്ത രീതിയിൽ പരിരക്ഷിച്ച് നിലനിർത്താൻ പദ്ധതി ആവിഷ്കരിക്കുമോ;

(സി) മൃഗ സംരക്ഷണവകുപ്പ്, രാഷ്ട്രീയ ഗോകുൽ മിഷൻ മുഖേന നാടൻ ജനുസ്സിലുള്ള കന്നുകാലികളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ വടക്കൻ ജില്ലകളിൽ കാണുന്ന "കാസർഗോഡ് കുള്ളൻ" എന്ന നാടൻ കന്നുകാലി ഇനത്തിനെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബദിയഡുക്ക ഫാമിൽ സംരക്ഷിച്ചുവരുന്നു.

2) വെച്ചൂർ പശുക്കളെ സംരക്ഷിക്കുവാൻ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് (VCT) മുഖാന്തിരം കേരള വെറ്ററിനറി അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിൽ ഫാം നടത്തുന്നുണ്ട്.

3) കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് പുത്തൂർ നാടൻ ജനുസ്സുകളുടെ സംരക്ഷണത്തിന് ഫാം നടത്തുന്നുണ്ട്.

([ഡി) ക്ഷീരകർഷകർക്കായുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ക്ഷീരകർഷകരുടെ ക്ഷേമപ്രവർത്തനങ്ങൾ പ്രധാനമായും ക്ഷീരകർഷക ക്ഷേമനിധിയിലൂടെയാണ് നടപ്പിലാക്കുന്നത്. ക്ഷീരകർഷകർക്ക് ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, അപകട മരണത്തിനുള്ള

ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകി വരുന്നു. ഇതുകൂടാതെ ക്ഷീരകർഷക ക്ഷേമനിധി ബോർഡ് അംഗങ്ങളായ ക്ഷീരകർഷകർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് 500/- രൂപ പ്രതിമാസം പെൻഷൻ അനുവദിച്ചു വരുന്നു. പെൻഷൻ തുക 1100 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീര കർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിധ്യമാർന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.